(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ നടപടി

81 [120] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ്സിൽ യാത്രക്കാരുടെ തിരക്ക് കൂടി വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ കൂടുതൽ സർവ്വീസുകൾ ദേശസാൽക്കൃത റൂട്ടുകളിൽ ഓടിക്കുക, ക്യാൻസലേഷനുകൾ പരമാവധി കുറയ്ക്കുക എന്നീ നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. പഴയ വണ്ടികൾ പിൻവലിച്ച് തൽസ്ഥാനത്ത് പുതിയ വണ്ടികൾ ഇറക്കി ക്യാൻസലേഷൻ പരമാവധി കുറയ്ക്കാൻ ശ്രമിച്ചുവരികയാണ്.

എയർ കാർഗോ കോംപ്ലക്സ്

82 [121] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള എയർ കാർഗോ കോംപ്ലക്സിൽ ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് കയറ്റി അയക്കുന്നത്;

(ബി) കൊച്ചിയിലും എയർ കാർഗോ കോംപ്ലക്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം സാധനങ്ങളാണ് പുതിയതായി കയറ്റി അയക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പച്ചക്കറികളും, പഴവർഗ്ഗങ്ങളുമാണ് ഇപ്പോൾ കയറ്റി അയക്കുന്നത്.

(ബി) ഇക്കാര്യം പരിഗണിക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്.

(സി) കൈത്തറിത്തുണികൾ, കരകൗശലവസ്തുക്കൾ, അച്ചാർ, വറ്റലുകൾ, സുഗന്ധദ്രവ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly